


# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153

**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630

**August 31, 2008, Vol. 3, Issue 49**

**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**


# COMING WEEK IS THE SECOND ANNIVERSARY OF OUR CHURCH

**Holy Mass and Adoration on Friday, September 5th at 7:00 P.M.**
**Feast of B.V. Mary and Rosary on Saturday, September 6th at 10:00 A.M.**
**Syro-Malankara Holy Mass on Sunday September 7th at 8:30 A.M.**
**Thanksgiving Mass and Cake Cutting on Sunday September 7th at 10:00 A.M.**
**Reopening of Religious Education Schools**
**Starting of High School Level - 1 Program for 9th and 10th graders.**
**Restarting of Syro-Malabar English Mass on Sundays at 11:30 A.M.**

### ഷിക്കാഗോ ക്നാനായ മിഷന്റെ ജൂബിലി സമ്മേളനത്തിൽ ഷിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്ത് നടത്തിയ അദ്ധ്യക്ഷ പ്രസംഗം.

അഭിവന്ദ്യ മൂലക്കാട്ട് പിതാവേ, പള്ളിപ്പറമ്പിൽ പിതാവേ, ബഹുമാനപ്പെട്ട മുത്തോലത്തച്ചാ, വേദിയിലുള്ള വിശിഷ്ടാതിഥികളെ, പ്രിയപ്പെട്ട സഹോദരി സഹോദരങ്ങളെ, കുട്ടികളെ.

## എല്ലാ ക്നാനായ മിഷനുകളും മേവുഡ്പോലെ ഇടവകകളായി വളരണം.

ക്നാനായ മിഷൻ തുടങ്ങിയതിന്റെ ഇരുപത്തഞ്ചാം വാർഷികമാണ് നാം ആഘോഷിക്കുക. രജത ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനമാണിത്. ഈ ജൂബിലിയിൽ കടന്നുപോയ വർഷങ്ങളിൽ നമുക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം ഈ സമ്മേളനത്തിൽ സംബന്ധിക്കുകയും തുടർന്ന് ഭാവികാര്യങ്ങളിലേയ്ക്ക് നോക്കികാണുകയും ചെയ്യുന്ന നമുക്ക് ദൈവത്തിന്റെ കൃപയും അനുഗ്രഹവും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയാണ്. ആശംസിക്കുകയാണ്.



ബിഷപ്പ്
മാർ ജേക്കബ്
അങ്ങാടിയാത്ത്

കുർബാനമദ്ധ്യേ ജൂബിലിയേപ്പറ്റിയുള്ള വേദോപദേശഭാഗം നമ്മൾ ശ്രവിച്ചു. ഇത് ആഘോഷത്തിന്റെയും സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും പ്രകാശനമാണ്; ഒപ്പം പങ്കുവെയ്ക്കലിന്റെയും. ആ പങ്കുവെയ്ക്കലിന്റെ അനുഭവം ഇന്ന് മുത്തോലത്തച്ചന്റെ സ്വാഗത പ്രസംഗത്തോടനുബന്ധിച്ച് കാണുകയുണ്ടായി. കോട്ടയം അതിരൂപതയുടെയും മിയാവു രൂപതയുടെയും പ്രവർത്തനങ്ങൾക്കായി നമ്മുടെ എല്ലാവരുടെയും ഭാഗത്തുനിന്ന് വളരെ ഉദാരമായ പങ്കുവെയ്ക്കൽ കാണുവാനിടയായതിൽ സന്തോഷമുണ്ട്. ഈ ജൂബിലിയുടെ സന്തോഷം അനുഭവമാക്കി മാറ്റുന്നത് ഇതുപോലുള്ള പങ്കുവെയ്ക്കലിലൂടെയാണ്. നിങ്ങൾ വാളണ്ടിയേഴ്സായി 22 സെമിനാരിക്കാരെ പഠിപ്പിക്കുവാൻ വന്നതിൽ നിങ്ങളെ അഭിനന്ദിക്കുന്നു. അതോടൊപ്പം മിയാവു രൂപതയിൽ നാലു പള്ളികൾ ഈ ഇടവകയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു കഴിഞ്ഞു. ഇനിയും വേറെ രണ്ടു പള്ളികൾ കൂടി പണിയുന്നതിനുള്ള പരിശ്രമത്തിലാണ്. അതിന് സംഭാവനകൾ നല്കിക്കഴിഞ്ഞു. ഇങ്ങനെ കർത്താവിന്റെ പങ്കുവെയ്ക്കലിന്റെ ശുശ്രൂഷയാണ് നാം സ്വീകരിച്ചു വരിക. അതിന് നിങ്ങൾക്ക് പ്രത്യേകം നന്ദി പറയുകയാണ്.

ഈ ജൂബിലിയുടെ അവസരത്തിൽ രണ്ടു കാര്യങ്ങളെപ്പറ്റി ശ്രദ്ധിക്കണം. 1. കടന്നുപോയതിനെപ്പറ്റി ചിന്തിക്കണം. അത് ജോയി ചെമ്മാച്ചേലും ജോയി വാച്ചാച്ചിറയും അനുസ്മരിക്കുകയുണ്ടായി. കടന്നുപോയ വഴികൾ ഏറെ കല്ലുകളും മുള്ളുകളും നിറഞ്ഞതായിരുന്നു. ഇടയ്ക്ക് സന്തോഷത്തിന്റെയും അനുഗ്രഹ നിറവിന്റെയും അനുഭവങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. തീർച്ചയായും ജീവിതം അങ്ങനെയാണല്ലോ. ഒരിക്കലും സന്തോഷത്തിന്റെ അല്ലെങ്കിൽ ദുഃഖത്തിന്റെ പാതയിൽ മാത്രം ഒരു വ്യക്തിയുടെ ജീവിതമോ ഒരു സമൂഹത്തിന്റെ ജീവിതമോ പൂർണ്ണമാകുകയില്ല. കർത്താവു നമുക്കു കാണിച്ചു തന്നിരിക്കുന്ന ക്രിസ്തുവിന്റെ വഴി എപ്പോഴും ത്യാഗത്തിന്റെ വഴിയാണ്. ആ ത്യാഗം ഉത്ഥാനത്തിലേക്ക് എത്തിനില്ക്കുന്നവെന്നുള്ളതാണ് നമ്മുടെ പ്രത്യാശ. അതുകൊണ്ട് പരാജയങ്ങളോ, പരാതികളോ, പോരായ്മകളോ, തടസ്സങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിലും അതൊക്കെ അതിജീവിച്ച് നമുക്ക് ഇത്രത്തോളം മുമ്പോട്ടു വരുവാൻ സാധിച്ചത്. ദൈവത്തിന്റെ കരുണയുള്ള അനുഗ്രഹം കൊണ്ടാണെന്നു നാം മനസ്സിലാക്കി. കടന്നുപോന്ന വഴികളിലുണ്ടായ പോരായ്മകൾ തിരുത്തുവാൻ നാം തയ്യാറാവുക. മെച്ചപ്പെട്ട രീതിയിൽ ആ തെറ്റുകൾ ആവർത്തിക്കാതെ സഹകരണത്തി

*(Continued on page 4)*

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events: visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## BIBLE STUDY GROUP

**Second and Fourth Saturdays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

September 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

# Schedule of Events

### SATURDAY, AUGUST 30, 2008
**Koodarayogam Anniversary camping continues at Indiana Beach.**
Holy Mass and Novena at 10:00 A.M.
**Religious Education Teachers Training at Community Center for St. Mary's School from 11:00 A.M. by Sr. Judith from the Archdiocese of Chicago.**

### SUNDAY, AUGUST 31, 2008
**Koodarayogam Anniversary ends in the morning.**
Holy Mass at 10:00 A.M.
Mass at OLV at 5:30 P.M.

### MONDAY, SEPTEMBER 1, 2008
**എട്ടു നോമ്പ് ആരംഭിക്കുന്നു.**
**St. Thomas Koodarayogam at Mathias Pullappally's house at 7:00 P.M.**

### THURSDAY, SEPTEMBER 4, 2008
Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, SEPTEMBER 5, 2008
Holy Mass and **Adoration** at 7:00 P.M.

### SATURDAY, SEPTEMBER 6, 2008
Holy Mass and Novena at 10:00 A.M.
**Feast Celebration of the Birth of B.V. Mary by Women Ministry. Rosary after 10:00 A.M. Mass.**

### SUNDAY, SEPTEMBER 7, 2008
**Second Anniversary Observance of the Church.**
**Reopening of Religious Education Schools.**
**Syro-Malankara Holy Mass at 8:30 A.M.**
Holy Mass and Religious Education at 10:00 A.M.
**Knights of Columbus Membership Drive at 11:15 A.M.**
English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### MONDAY, SEPTEMBER 8, 2008
**മാതാവിന്റെ പിറവി തിരുന്നാൾ ദിവസം**

### THURSDAY, SEPTEMBER 11, 2008
Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, SEPTEMBER 12, 2008
Holy Mass at 7:00 P.M.

### SATURDAY, SEPTEMBER 13, 2008
Holy Mass and Novena at 10:00 A.M.

### SUNDAY, SEPTEMBER 14, 2008
**Feast of Triumph of the Most Holy Cross.**
Holy Mass and Religious Education at 10:00 A.M.
English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### THURSDAY, SEPTEMBER 18, 2008
Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, SEPTEMBER 19, 2008
Holy Mass at 7:00 P.M.



# വികാരിയുടെ സന്ദേശം

## മരണാനന്തര വേക്ക് നമ്മുടെ പള്ളിയിലാകാം

എന്റെ പ്രിയ സഹോദരങ്ങളേ,

നമ്മുടെ നാട്ടിൽ മരണാനന്തരം സ്വന്തം വീട്ടിലാണല്ലോ മൃതശരീരം പൊതു ദർശനത്തിനു വയ്ക്കുക. എന്നാൽ അമേരിക്കയിൽ അത് അനുവദനീയമല്ലാത്തതിനാൽ പകരം ഫ്യൂണറൽ ഹോമിനെ അക്കാര്യത്തിനു നാം ആശ്രയിക്കുന്നു. ഹ്യൂസ്റ്റണിലും ന്യൂയോർക്കിലും നമ്മുടെ ആളുകൾ കമ്മ്യൂണിറ്റി സെന്ററിൽ വേക്ക് നടത്താറുണ്ട്. അതിനു കൂടുതലായൊരു ഹൃദ്യത അനുഭവപ്പെടുന്നു.

അമേരിക്കയിലെ ലത്തീൻ ഇടവകകളിൽ വൈദികരുടെയും ഡീക്കന്മാരുടെയും വേക്ക് പള്ളിയിൽ നടത്താറുണ്ട്. കഴിഞ്ഞ പ്രാവശ്യം നമ്മുടെ ഇടവകയുടെ പാരീഷ് കൗൺസിൽ ഉൾപ്പെടെയുള്ള വോളന്റിയേഴ്സ് മീറ്റിംഗിൽ നമ്മുടെ പള്ളിയിൽ വേക്കിനു സൗകര്യം ചെയ്തു കൊടുക്കാമെന്നു തീരുമാനമെടുത്തു.

ഫ്യൂണറൽ ഹോമിനേക്കാൾ സ്വന്തം ഇടവക പള്ളിയിൽ വേക്കിനു ചില അനുകൂല സാഹചര്യങ്ങളുണ്ട്. നമ്മുടെ രണ്ടാം ഭവനമെന്ന നിലയിൽ ഇടവക പള്ളി സ്വന്തം വീടിന്റെ പ്രതീതി ജനിപ്പിക്കുന്നു. ദൈവാലയത്തിലെ ഭക്തി സാന്ദ്രമായ അന്തരീക്ഷം പ്രാർത്ഥനയ്ക്കു കൂടുതൽ ആത്മീയത പകരും. ഫ്യൂണറൽ ഹോമിൽ മദ്ബഹയോ സ്റ്റേജോ ഇല്ലാത്തതിനാൽ മുൻനിരകളിലുള്ളവർക്കു മാത്രമേ കാർമ്മികരെ കാണുവാനോ പ്രാർത്ഥനകളിൽ സജീവമായി പങ്കെടുക്കുവാനോ കഴിയുന്നുള്ളൂ. പള്ളിയിലാകുമ്പോൾ വേക്കിനെത്തുന്ന വൈദികർക്കും സഭാ മേലദ്ധ്യക്ഷന്മാർക്കും തിരുവസ്ത്രങ്ങളണിഞ്ഞ് എല്ലാവർക്കും കാണത്തക്ക വിധം മദ്ബഹായിൽനിന്ന് ശുശ്രൂഷയ്ക്കു നേതൃത്വം കൊടുക്കുവാൻ കഴിയും. വലിയ ഒപ്പീസിനു പകരം വിശുദ്ധ കുർബ്ബാന അർപ്പിക്കുവാനും പള്ളിയിലാകുമ്പോൾ സാധിക്കും. ജോലിയും മറ്റ് അസൗകര്യങ്ങളും മൂലം മരിച്ചടക്കിന്റെ ദിവ്യബലിയിൽ പങ്കെടുക്കുവാൻ പറ്റാത്തവർക്ക് ഇതു പ്രയോജനകരമാണ്.

ഫ്യൂണറൽ ഹോമിൽ ഒരു മൈക്രോഫോൺ മാത്രമേ ലഭ്യമാകാറുള്ളൂ. ശബ്ദ ക്രമീകരണം തികച്ചും പരിമിതവുമാണ്. അതിനാൽ സഹകാർമ്മികരായ വൈദികർക്കോ, ശുശ്രൂഷികൾക്കോ ഗായകസംഘത്തിനോ മൈക്ക് ലഭ്യമല്ലാതാകുന്നു. എന്നാൽ പള്ളിയിലെ സൗണ്ട് സിസ്റ്റം ഇവർക്കെല്ലാവർക്കും അനുസ്മരണാ പ്രസംഗം നടത്തുന്നവർക്കും ഏറെ ഫലപ്രദമായി പ്രയോജനപ്പെടുത്താനൊക്കും. മൃതസംസ്കാര ശുശ്രൂഷകൾക്ക് പള്ളിയും ഹാളും സൗജന്യമായി ഇടവകയോടു സഹകരിക്കുന്നവർക്കു നല്കുന്നതിനാൽ വേക്കിന് ഫ്യൂണറൽ ഹോമിനു നല്കേണ്ട വലിയ ചിലവ് ഒഴിവാക്കുവാൻ കഴിയും.

രാത്രി ഒൻപതുവരെയാണ് ഫ്യൂണറൽ ഹോം പ്രദർശനാനുമതി നല്കുക. കാപ്പിയും സ്നാക്കും ക്രമീകരിക്കുവാനും അവിടെ പരിമിതിയുണ്ട്. എന്നാൽ ഇവ പള്ളിയിൽ നമ്മുടെ സൗകര്യപ്രകാരം ക്രമീകരിക്കാം. നമ്മുടെ നാട്ടിൽ മൃതശരീരം പൊതു ദർശനത്തിനു വയ്ക്കുമ്പോൾ രാത്രിയിൽ പാന വായിക്കുന്ന പതിവുണ്ട്. പള്ളിയിൽ ഏതാനും സമയത്തേയ്ക്കെങ്കിലും പുത്തൻ പാന വായിക്കുന്നതിന് വേക്കിന്റെ സമയത്ത് ക്രമീകരണം ചെയ്യുന്നതാണ്. പുത്തൻപുരയിൽ ജോസഫ് ചേട്ടന്റെ മൃതസംസ്കാരശേഷം പള്ളിയുടെ ഹാളിൽ നാളോത്തിനെ തുടർന്ന് നമ്മുടെ പഴയ ക്നാനായ പാരമ്പര്യ പ്രകാരം തഴുകൽ നടത്തിയത് ഏറ്റവും ഹൃദ്യവും സ്വീകാര്യവുമായി പലരും പറയുകയുണ്ടായി.

### ഇടവക പള്ളിയിലെ ആഘോഷമായ സംസ്കാര ശുശ്രൂഷ

പ്രവാസി ക്നാനായക്കാരിൽ ഷിക്കാഗോക്കാർക്കു മാത്രമുള്ള ഭാഗ്യമാണ് സ്വന്തം ഇടവക പള്ളിയിൽ മൃതസംസ്കാര ശുശ്രൂഷ നടത്തി, സ്വന്തം ഇടവക ദൈവാലയത്തോടും തന്റെ വിശ്വാസി സമൂഹത്തോടും ആത്മീയ ഗുരുക്കന്മാരോടും അന്ത്യയാത്ര പറയുവാനുള്ള സൗകര്യം. നമ്മുടെ പള്ളിയിൽ നമ്മുടെ അഭിലാഷങ്ങൾക്കും പാരമ്പര്യങ്ങൾക്കുമനുസരിച്ച് വിവിധ ആലങ്കാരിക കുരിശുകളോടും മുത്തുക്കുടകളോടും കൂടി പരേതനെ സ്വീകരിക്കുവാനും, സ്വർഗ്ഗത്തിലേയ്ക്കു യാത്ര അയയ്ക്കുവാനും കഴിയും. അന്യ ഇടവകകളിൽ നമുക്ക് അപ്രകാരം ചെയ്യുവാൻ സാധിക്കുന്നതല്ല. സ്വന്തമായ ഇടവക പള്ളി സ്ഥാപിച്ചതുകൊണ്ട് നമുക്കുണ്ടായ വലിയ കൃപകളിൽ ഒന്നാണിത്.

### സ്വന്തം സെമിത്തേരിയുടെ നേട്ടങ്ങൾ

മരണാനന്തരം നമ്മുടെ ചരിത്ര സ്മാരകമായി നിലകൊള്ളുന്നത് നമ്മുടെ ശവകുടീരം മാത്രമാണ്. പക്ഷേ അതു സാധിക്കണമെങ്കിൽ ആർക്കും എക്കാലത്തും വേർതിരിച്ചറിയാവുന്നതും നിലനിർത്തപ്പെടുന്നതുമായ സ്ഥലത്തായിരിക്കണം സംസ്കരിക്കപ്പെടുന്നത്. അമേരിക്കയിലെ അതിവിശാലമായ അനേകം സെമിത്തേരികളിൽ പല ക്നാനായക്കാർ കോടിക്കണക്കിന് അമേരിക്കക്കാരുടെ ശവകുടീരങ്ങൾക്കിടയിൽ ഒറ്റപ്പെട്ടുകിടക്കുകയാണ്. തലമുറകൾ കഴിയുമ്പോൾ അവർ അജ്ഞാതരാകും.

എന്നാൽ ഷിക്കാഗോയിലെ വിശാലമായ ക്നാനായ സെമിത്തേരി എക്കാലവും ലോക ക്നാനായക്കാരുടെ തീർത്ഥാടന കേന്ദ്രവും പുണ്യസ്ഥലവും ക്നാനായ ചരിത്ര പഠിതാക്കളുടെ ആകർഷണ കേന്ദ്രവുമായിരിക്കും. അവിടെ എത്തുന്ന ക്നാനായ പിൻതലമുറപോലും നമ്മുടെ ചരിത്ര രേഖകളാകുന്ന ശിലാലിഖിതങ്ങൾ വായിച്ചുനോക്കുവാൻ പ്രേരിതരാകും. ചിലരെങ്കിലും നമുക്കുവേണ്ടി ഒരു നിമിഷം പ്രാർത്ഥിച്ചെന്നിരിക്കും. അതിനു ഭാഗ്യം ലഭിച്ച ഷിക്കാഗോയിലെ ക്നാനായക്കാരോടു ചേരുവാൻ കൊതിക്കുന്ന ക്നാനായക്കാർ അന്യ സംസ്ഥാനങ്ങളിൽ ഉണ്ട് എന്നതു ശ്രദ്ധേയമാണ്. ഈ വലിയ കൃപ തന്ന ദൈവത്തിനു നന്ദി പറഞ്ഞ് നമുക്ക് ദൈവം തരുന്ന നല്ല അവസരത്തെ ഐക്യത്തോടെ പ്രയോജനപ്പെടുത്താം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

### നുറുങ്ങുവെട്ടം

**മരണാനന്തരം ഈ ലോകത്തിൽ നമുക്കു സ്വന്തമായുള്ളത് ആറടി മണ്ണുമാത്രം. അത് സ്വന്തം സെമിത്തേരിയിലല്ലെങ്കിൽ പിന്നീട് അറിയപ്പെടാതെപോകില്ലേ?**



*(Continued from page 1)*

ലൂടെ മുമ്പോട്ടു പോകുവാനുള്ള വഴികൾ ആലോചിക്കുക. അതിനുള്ള ദൈവാനുഗ്രഹം അപേക്ഷിക്കുക. ഇതാണ് നമ്മൾ ചെയ്യേണ്ടത്. അങ്ങനെ കഴിഞ്ഞു പോയതിന്റെ അവലോകനം നടത്തിക്കൊണ്ട് പോരായ്മകൾ നികത്തി അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ് ജൂബിലി ആഘോഷിക്കുക.

മറ്റൊന്ന് വരും കാലങ്ങളിലേക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് ദൈവത്തിൽ പ്രത്യാശ അർപ്പിച്ചുകൊണ്ട് ആളുകളുടെ സഹകരണത്തോടെ പ്രത്യാശയോടെ മുമ്പോട്ടു പോകുക. ഈ രണ്ടു അനുഭവങ്ങളാണ് ജൂബിലി ആഘോഷങ്ങൾ നമ്മുടെ മുമ്പിൽ കൊണ്ടുവരിക. കഴിഞ്ഞുപോയ വർഷങ്ങളെപ്പറ്റി നാം ചിന്തിക്കുമ്പോൾ അല്മായരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയങ്ങളാണ്. അവരെ ഓരോരുത്തരേയും പ്രത്യേകം അഭിനന്ദിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. നിങ്ങൾ അല്മായരാണ് ആദ്യം ഇവിടെ വന്നത്. അതിനു ശേഷമാണ് ഞങ്ങൾ അച്ചന്മാർ വന്നതും. രൂപതയുണ്ടായതും. നിങ്ങളെല്ലാവരും ഇവിടെ പ്രാരംഭഘട്ടത്തിലെ വൈഷ്യമങ്ങളെ തരണം ചെയ്താണ് ചുവടുറപ്പിച്ചത്. നിങ്ങൾ വിശ്വാസത്തോടെ വന്നതുകൊണ്ടാണ് ആ വിശ്വാസത്തിന്റെ അനുഭവങ്ങൾ പങ്കു വെക്കുന്നതിനുവേണ്ടി അന്നു കിട്ടുന്ന അച്ചന്മാരെക്കൊണ്ട് കുർബാന ചൊല്ലിച്ചത്. ആ കുർബാനയിലൂടെയും മറ്റു പ്രാർത്ഥനാ ശുശ്രൂഷയിലൂടെയും വളർന്നു വരുവാൻ ശ്രമിക്കുകയായിരുന്നു. പരിമിതികൾ ഏറെ ആയിരുന്നെങ്കിലും ലഭിച്ച അനുഗ്രഹങ്ങൾ അതിലേറെ വലുതായിരുന്നു. അതുകൊണ്ട് നമുക്ക് ആ പരിമിതികളെ അതിജീവിച്ച് പിന്നീടുവന്ന അച്ചന്മാരോട് സഹകരിച്ച് മിഷനുകൾക്ക് രൂപം കൊടുക്കുവാനും വേദപാഠം ഉൾപ്പെടെ പ്രാർത്ഥനാ ശുശ്രൂഷകളിലേക്ക് കടന്നു വരുവാനും സാധിച്ചു. അവിടുന്ന് ഇത്രത്തോളമായി.

ഇപ്പോൾ ഈ കമ്മ്യൂണിറ്റിയെ നയിക്കുന്ന മുത്തോലത്തച്ചൻ എല്ലാവരുടെയും പ്രശംസയും അഭിനന്ദവും അർഹിക്കുന്നുണ്ട്. അച്ചൻ അക്ഷീണം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. എന്നാൽ അച്ചനു ബലം നല്കുന്നത് നിങ്ങളുടെ ആത്മാർത്ഥമായ സഹകരണമാണ്. എന്നാൽ എത്രത്തോളം സഹകരിക്കുന്നുവോ അത്രത്തോളം ഫലം നമുക്ക് കിട്ടുന്നുണ്ട്. പക്ഷേ ചില പ്രതിസന്ധികൾ അച്ചനും എനിക്കും നമുക്കെല്ലാവർക്കും അനുഭവപ്പെടാറുണ്ട്. അതുകൊണ്ട് ഈ ജൂബിലിയുടെ അവസരത്തിൽ പ്രത്യേകമായി ഓർപ്പിക്കുവാനുള്ളത് ഇപ്പോൾ നമ്മുടെ വളർച്ചക്ക് നിർണ്ണായകമായ വൈദികനോടു ചേർന്ന് മിഷനായിട്ടും ഇടവകയായിട്ടും വളരുക എന്നതാണ്

സംഘടനകൾക്ക് പരിമിതികളുണ്ട് എന്നു നമുക്കറിയാം. സഭാത്മകമായി വരുമ്പോൾ അത് നമ്മുടെ വ്യക്തിത്വത്തിന്റെ ആകമാന വളർച്ചയിലേക്കാണ് വരിക. സംഘടനകളുടെ രീതി ഭാരവാഹികളുടെ നേതൃത്വത്തെ ആശ്രയിച്ചിരിക്കുന്നു. വരുന്ന വർഷത്തേക്ക് ആരെങ്കിലുമൊക്കെ ഭാരവാഹികളായി വരുന്നു. അവർക്ക് താൽപ്പര്യമുള്ളതുപോലെ നടത്തിക്കൊണ്ടുപോകുന്നു. അതിനപ്പുറത്തേക്ക് ദീർഘവീഷണത്തോടെ മുമ്പോട്ടു പോകുവാൻ സാധിക്കുകയില്ല. എന്നാൽ ഇടവകയെ സംബന്ധിച്ചടത്തോളം ആരു വികാരി ആയിരുന്നാലും, രൂപതയിൽ ആരു മെത്രാനായിരുന്നാലും അദ്ദേഹത്തിന്റെയോ ആ അച്ചന്റെയോ കാലത്തേയ്ക്കു മാത്രമല്ല വിഭാവന ചെയ്യുക. അദ്ദേഹത്തിന്റെ കാലത്തിനുശേഷം രൂപത തുടരേണ്ടതാണ്, ഇടവക തുടരേണ്ടതാണെന്നുള്ള വീക്ഷണത്തോടെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. ആ ദീർഘവീക്ഷണത്തോടെ നമ്മൾ നോക്കുമ്പോൾ അച്ചന്മാരോടും രൂപതയോടും സഹകരിക്കുവാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ആ സഹകരണം തരാതെ നമുക്ക് മുമ്പോട്ട് പോകുവാൻ സാധിക്കുകയില്ല. എത്രത്തോളം സഹകരിക്കുമോ അത്രത്തോളം സന്തോഷത്തോടെ നമുക്ക് വളരുവാൻ സാധിക്കും. അതിന്റെ അനുഭവത്തിന് നമ്മൾ വേറെങ്ങും പോകണ്ട. ഈ ഇടവകയിൽ തന്നെ നോക്കിയാൽ മതിയാകും. അതിന്റെ വിശദീകരണത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. തുടർന്നും പൂർണ്ണമായ സഹകരണം ഉണ്ടാകണം.

അംഗത്വത്തെക്കുറിച്ചും മറ്റു സമുദായങ്ങളെക്കുറിച്ചുമൊക്കെ ആശങ്കകളുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്കും കടക്കുന്നില്ല. ഉള്ള യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി സഹകരിക്കുക. ഇപ്പോൾ നിലവിലുള്ള പള്ളിയോട്, രൂപതയോട് സഹകരിച്ചുകൊണ്ട് ഭാവിയിൽ നമ്മൾ എന്തായിരിക്കണമെന്നുള്ള തീരുമാനം ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ട് നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിൽ സമർപ്പിച്ച് ദൈവത്തോട് പ്രാർത്ഥിക്കുക. അതിനായിട്ട് ഒരുമയോടെ പ്രവർത്തിക്കുവാൻ തയ്യാറാവുകയും ചെയ്യുക. അപ്പോൾ നമുക്ക് എല്ലാവരേയും ഉൾക്കൊള്ളുവാൻ സാധിക്കും. എല്ലാവരുടെയും നന്മയ്ക്കായി പ്രവർത്തിക്കുവാൻ സാധിക്കും. നമ്മുടെ ഐഡന്റിറ്റി കീപ്പ് ചെയ്യുവാൻ സാധിക്കും. നമ്മൾ ഒരു ഇടവകയായിട്ട് വളരും. സഭയായിട്ട് വളരും.

ഇവിടെ ക്നാനായ സമൂഹത്തിന് 11 മിഷനുകളുണ്ട്. അതിലൊന്ന് ഇടവകയായി ഉയർത്തുകയും ചെയ്തു. മറ്റ് 10 മിഷനുകളും ഇടവകയായി ഉയർത്തുവാൻ സാധിക്കും. ആളുകൾ ഈ നിസ്സഹകരണത്തിന്റെ രീതിയൊന്നു മാറ്റി സഹകരണത്തിന്റെ രീതിയിലേയ്ക്ക് വരുകയാണെങ്കിൽ എല്ലായിടത്തും പള്ളികൾ ഉണ്ടാകും. പള്ളികളുണ്ടായാലുള്ള വ്യത്യാസം ഈ ഇടവകയുടെ തന്നെ വളർച്ചയിൽ കാണാം. ഞാൻ പലയിടത്തും പറഞ്ഞിട്ടുണ്ട് ഇപ്പോഴും ആവർത്തിക്കുകയാണ് ഇവിടുത്തെ കുട്ടികളുടെ മതബോധന പരിശീലനം, കുർബാനയിലുള്ള പങ്കാളിത്തം, മറ്റ് അനുഭവപൂർണ്ണമായ പ്രതികരണം ഇതൊക്കെ നമ്മെ സാഷ്യപ്പെടുത്തുകയാണ്.

അതുകൊണ്ട് ഈ ജൂബിലിയുടെ അവസരത്തിൽ നമ്മൾ ചിന്തിക്കേണ്ടത് നമ്മുടെ സഹകരിച്ചുള്ള പ്രവർത്തനത്തെക്കുറിച്ചാണ്. ദൈവത്തോട് സഹകരിക്കുന്നത് ഭക്തിയാണെന്ന മനസ്സിലാക്കിക്കൊണ്ട് അച്ചന്മാരോട് സഹകരിക്കുക. പലപ്പോഴും അച്ചന്മാരെ വിട്ടുതരണമെന്ന് ആവശ്യപ്പെടുമ്പോൾ പിതാക്കന്മാർ അച്ചന്മാരെ വിട്ടുതരുന്നുണ്ട്. പക്ഷെ അച്ചന്മാർ ഇവിടെ വരുമ്പോൾ അവർ നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ, പ്രതിസന്ധികൾ എനിക്കും അഭിവന്ദ്യ മൂലക്കാട്ടു പിതാവിനും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നല്ല പൊസിഷനിൽനിന്ന് ഉത്തരവാദിത്വപ്പെട്ട കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന കൊച്ചച്ചന്മാരെയാണ് അഭിവന്ദ്യ പിതാവ് സെലക്ടു ചെയ്ത് വിടാറുള്ളത്. ഇവിടെ വന്നു കഴിയുമ്പോൾ അവരുടെ കൈ പിന്നോട്ട് കെട്ടി അവർക്ക് ഒന്നും ചെയ്യുവാൻ പറ്റാത്ത രീതിയിലേക്ക് നമ്മുടെ ആളുകളുടെ മനോഭാവം മാറിപ്പോകുന്നു. ആ അവസ്ഥ നമ്മൾ മാറ്റിയെടുക്കണം. അച്ചന്മാരോട് ഇവിടെയും മറ്റു സ്ഥലങ്ങളിലും ഉറന്ന സഹകരണം നല്കണം. നമ്മുടെ ഭാവി വളർച്ച നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി

*(Continued on page 5)*

# Faith Through Catechism

## *High School Level - 1*
## *For 9th & 10th Graders*

***Help Catholic teens live the Great Commandment as they explore the Christian vision of self, God, others, life, and the world.***

*Expert Teachers*
*Adult supervision*
*Combined class*
*Classroom activities*
*Outdoor activities*
*Field Trips*
*and more……………*



***Sundays from 10:00 to 11:20 A.M.***
***Through out the school year***
***Class will begin on Sunday, September 7, 2008***
***Register now !!!!!!!!!!!***

**For more information please contact: Fr. Abraham Mutholath, Johnny Thekkeparambil, Sabu Mutholam, or Tomy Kunnasseril**

## REL. EDUCATION TEACHERS'TRAINING

There will be mandatory Religious Education Teachers' Training Program for staff of St. mary's Unit on Saturday August 30th at 11:00 A.M. at KCS Community Center.

*(Continued from page 4)*

യാണ്. നമ്മൾ ഏതേതു ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന് നമ്മളുടെ കുഞ്ഞുങ്ങൾക്ക് പകർന്നു നല്കണമെങ്കിൽ നമ്മുടെ ഇടവകകൾ പുഷ്ടിപ്പെടണം. സജീവമായിത്തീരണം. ഇത് മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുവാൻ ഈ ജൂബിലിയുടെ അവസരത്തിൽ ദൃഢപ്രതിജ്ഞ എടുക്കണമെന്നാണ് നിങ്ങളെ ഓർപ്പിക്കുവാനുള്ളത്. ആ രീതിയിലുള്ള സഹകരണത്തിലേയ്ക്ക് വരുമ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യം സഭക്കും നമ്മുടെ വളർച്ചക്കും ലഭിക്കും. നമ്മൾ ഏകമനസ്സോടെ പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന ശ്രവിക്കും. ആ പ്രാർത്ഥന തീർച്ചയായും ദൈവത്തിനു സ്വീകാര്യമായ രീതിയിൽ അവിടുന്നു തന്നെ നമുക്ക് രൂപാന്തരപ്പെടുത്തി തരുമെന്നുള്ള ബോദ്ധ്യത്തോടെ നമുക്ക് മുമ്പോട്ടു പോകാം. എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും നേരുന്നു. പരിശുദ്ധ അമ്മയും മാർത്തോമ്മാ ശ്ലീഹായും മറ്റു വിശുദ്ധരും അവരുടെ മദ്ധ്യസ്ഥം വഴി നമ്മെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ജൂബിലിയുടെ എല്ലാ അനുഗ്രഹങ്ങളും ആശംസകളും അതിന്റെ നിറവിൽ ഇതിൽ സംബന്ധിക്കുന്ന എല്ലാവർക്കും ഒപ്പം ക്നാനായ സമുദായത്തിനും നല്കിക്കൊണ്ട് ഞാൻ നിർത്തുന്നു.

## YOUTH AND COUPLES RETREAT

Our parish is arranging separate residential Youth Retreat and Couples Retreat from Friday December 26 evening to Monday December 29th evening at Bishop Lane Retreat Center in Rockford. Famous Catholic preachers will lead the retreat. There will be separate sessions for Malayalam and English preferred youth. Since seats are limited, early registration with $250 for the expenses is a must for admission. For details, please contact Retreat and youth coordinators of our parish.

## ബൈബിൾ സ്റ്റഡി ഗ്രൂപ്പ്



സെപ്റ്റംബർ മുതൽ മാസത്തിന്റെ എല്ലാ രണ്ടും നാലും ശനിയാഴ്ചകളിൽ 10:00 മണി യുടെ തിരുക്കർമ്മങ്ങൾക്കു ശേഷം ബൈ ബിൾ സ്റ്റഡി ഗ്രൂപ്പ് കൂടുന്നതാണ്. ബൈ ബിൾ കൂടുതൽ പഠിക്കുവാനും ധ്യാനിക്കു വാനും പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുന്ന വർ ഇതിന്റെ കോർഡിനേറ്ററായ റോയി കണ്ണോത്തറയുടെ പക്കൽ പേരു നല്കി മുൻകൂർ രജിസ്റ്റർ ചെയ്യുക. ഫോൺ നമ്പർ: 630-290-8756.

## ഭക്ത സംഘടനകൾ

നമ്മുടെ ഇടവകയുടെ ലീജിയൺ ഓഫ് മേരി എല്ലാ മാസത്തിന്റെയും ഒന്നും മൂന്നും ശനിയാഴ്ചകളിൽ രാവിലെ 10:00 മണിയുടെ തിരുക്കർമ്മങ്ങൾക്കു ശേഷവും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എല്ലാ ഞായറാഴ്ചയും 10:00 മണിയുടെ കുർബ്ബാനയ്ക്കു ശേഷവും കൂടുന്നതാണ്. എല്ലാവർക്കും സ്വാഗതം.

## LAST DAY OF REGISTRATION FOR RELIGIOUS EDUCATION SCHOOLS

- ✯ Registration for Sacred Heart and St. Mary's Religious Educations Schools will end of September 7.
- ✯ Classes will start on Sunday, September 7, 2008.
- ✯ Fee and Class schedule will as of last year.
- ✯ Application form will be available at the church or at the parish website: www.knanayaregion.us/chicago.
- ✯ Parents of all new and ongoing students shall fill up the form and submit it along with registration fees.
- ✯ Application form and fee can also be mailed in the parish address given in the application form.

## SYRO-MALANKARA MASS

We have Holy Mass in Syro-Malankara Rite every First Sunday of the Month at 8:30 A.M. The next one is on September 7th celebrating the Birth of B.V. Mary and second anniversary of our Church.



# Upcoming Events of Our Parish

**SEPTEMBER, 2008**
06 Saturday 10:00 A.M. മാതാവിന്റെ പിറവി തിരുന്നാൾ
07 Sunday: **Reopening of both Religious Education Schools** and **English Mass** at Maywood.
27 Saturday 10:00 A.M. **Feast of St. Vincent de Paul** sponsored by St. Vincent de Paul Society.
30 Tuesday to October 14th Tuesday. **Holy Land and Rome Pilgrimage**.

**OCTOBER, 2008**
10 Friday to 19th Sunday **10 Day Rosary** after Holy Mass.
19 Sunday. **Mission Sunday.**
20 to 24 and 27 to 31 at 7:00 P.M. **10 Day Rosary** with Mass at KCS Community Center.

**NOVEMBER, 2008**
01 Saturday: Observance of **All Souls Day** at Maywood
02 Sunday: **Seminar on Men's & Women's Ministries** at 11:30 A.M.
02 Sunday: **All Souls Day observance at OLV** at 5:30.
15 Saturday: **Thanksgiving Dinner -** Women Ministry.
28 Friday to 30 Sunday: **Marriage Preparation Course**.

**DECEMBER, 2008**
13 Saturday: Feast of **Our Lady of Guadalupe**
24 Wednesday Evening: **Christmas Mass**
26 Friday to 29 Monday: **Youth Malayalam and English Retreat and Couples Retreat** at Rockford.
31 Wednesday Evening: **Year End service** at Maywood and Community Center.

**JANUARY, 2009**
01 Thursday: **New Year Service** at 10:00 A.M.
04 Sunday: **Feast of St. Stephen.**

**FEBRUARY, 2009**
14 Saturday: **Health Care Workers Seminar** at 11:00
23 **Ash Monday** service at 7:00 P.M. at Maywood.
25 **Ash Wednesday** Service at Community Center at 7:00.

**MARCH, 2009**
07 Saturday 6:30 P.M. **Religious Education Festival**.
19 Thursday to 22 Sunday **Annual Retreat**.

**APRIL, 2009**
5 - 12 **Holy Week** Schedule as of Last Year.
17– 19 Pilgrimage by Women Ministry.
24 - 26 **Marriage Preparation Course**.

**MAY, 2009**
02 Sat. 3:00 P.M. **First Holy Communion - Maywood.**
03 Sun. 3:30 P.M. **First Holy Communion - St. Mary's.**
17 Religious Education appreciation lunch / dinner.
22 - 24 **Main Feast of Sacred Heart of Jesus .**

**JUNE, 2009**
07 Sunday 10:00 A.M. **Feast of St. John Nepumcin**
14 Sunday 10:00 A.M. **Feast of St. Anthony.**
27 Saturday: **Anniversary of Men & Women Ministry** at 6:30 P.M.

**JULY, 2009**
05 Sunday 10:00 A.M. **Feast of St. Thomas.**
26 Sunday 10:00 A.M. **Feast of St. Jacob.**

**AUGUST, 2009**
15 Saturday **Feast of Assumption of B,.V. Mary.**
28 - 30 **Koodara Yogam Anniversary Camping**.



Photo Left: Retreat at Community Center.

Photo Below: Graduating Students with their parents after blessing by Fr. Tomy.



| **SUNDAY OFFERINGS** | **Aug. 24** |
|---|---|
| **St. Mary's Unit at OLV** | **176.00** |
| **St. Mary's Collection for retreat** | **426.00** |
| S.H. Church Mass offering | 1,547.00 |
| Collections during retreat | 3,011.00 |
| Building Fund | 50.00 |
| Food Service (Naperville & Woodridge) | 588.00 |
| Agape Stall for Charity | 72.00 |
| **TOTAL AT SACRED HEART** | **5,268.00** |



## Ushers at Sacred Heart

| **August 31** | **September 7** |
|---|---|
| Sherry Kulathilkarottu<br>Vinitha Padinjath<br>Kichu Maliackalthara<br>Tinu Parangattu<br>Stephanie Vanchipurackal<br>Jamie Mutholam | Sherry Kulathilkarottu<br>Vinitha Padinjath<br>Aniena Mukalel<br>Sindu Mukalel<br>**English Mass**<br>Geo Chemmachel<br>Vimal Thottupurathu |

## READERS / LECTORS — ഏലിയാ ശ്ലീവാ മോശ കാലങ്ങൾ

| August 31 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
|---|---|---|---|
| 1st Reading | Jeremiah 20:7-9 | Soumi Kulathikarottu | Shalom Olyil |
| 2nd Reading | Romans 12:1-2 | Priyanka Phillip | Jose Thoompanal |
| Gospel | Matthew 16:21-27 | *Those who lose their lives for Jesus' sake will find them.* | |
| September 7 | | | |
| 1st Reading | Ezekiel 33:7-9 | TBA | Ashley Kunnathukizhakkekthil |
| 2nd Reading | Romans 13:8-10 | TBA | Princeton Alappattu |
| Gospel | Matthew 18:15-20 | *If two agree about anything for which they pray, it shall be granted to them.* | |



## കൂടാരയോഗ വാർഷിക ക്യാമ്പ്

**At Indiana Beach Amusement Resort**
**5224 E. Indiana Beach Rd., Monticello, IN 47960**
Fun rides for all especially our youth and children.
**Time: Friday August 29th from 3:30 P.M. to Sunday 31st morning.**
നമ്മുടെ പള്ളിയിൽ നിന്ന് 126 മൈൽ.
Bring your tent by 3:00 P.M. We will provide help to install the tent for those who need.
വിശദ വിവരങ്ങൾക്കും കൂടാരങ്ങൾ റിസേർവ് ചെയ്യുവാനും
സണ്ണി ഇണ്ടിക്കുഴിയോ മത്തിയാസ് പുല്ലാപ്പള്ളിയുമോ ആയി ബന്ധപ്പെടുക.

SPACE AVAILABLE
FOR YOUR
ADVERTISEMENT

Best compliments from The Mutholath Family

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487, *www.pro-rehabservices.com*

**Choicecare Home Health, Inc.**
**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**Professional with 11 years experience in catering.**
Call **WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com
YOU INVITE THE GUESTS, WE DO THE REST
Malabar Catering &Carry-out

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmalakuzhy@gmail.com
***MS Certified since 1997***

*We put our money where our mouth is*



Free Refinancing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ല
ക്രെഡിറ്റ് മോശം ... സാരമില്ല
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

